LIBRARY ARCHIVES Kerala Legislative Assembly

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

103 (6262) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന സൗകര്യത്തിനായി ആവിഷ്കരിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ മിക്കതും പുനരുദ്ധരിക്കപ്പെടേണ്ടതാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ പമ്പ് ഹൗസുകൾ പലതും പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നിലയിൽ പുതുക്കി പണിയേണ്ട താണെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ;

(സി) പുതുക്കിപ്പണിയുന്നതിനായി എത്ര രൂപ ചെലവാണ് പ്രതീക്ഷി ക്കുന്നത് ;

(ഡി) ഈ സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് മിർപയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) മിർപ 1-ൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ തുടങ്ങിവച്ച പ്രവൃത്തികൾ എല്ലാം പൂർത്തിയാക്കിയോ ; ഉപയോഗപ്രദമായ രീതിയിൽ പൂർത്തിയാക്കുന്നതിനായി ഏകദേശം എത്ര രൂപ വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(എഫ്) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി മിർപ 2-ൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് അനുവദിച്ച് പൂർത്തീകരിക്കുന്ന തിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കു ന്നതെന്ന് വിശദീകരിക്കാമോ ;

(ജി) മിർപ്പ 2-ഫേസിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡല ത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത് ; എത്ര രൂപയുടെ പ്രവൃത്തി കളാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മലബാർ പ്രദേശത്ത് ഏഴു വടക്കൻ ജില്ലകളിലായി 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി "മലബാർ ഇറി ഗേഷൻ പദ്ധതി" എന്ന ശീർഷകത്തിലും എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധരിക്കാൻ "സ്പെഷ്യൽ പാക്കേജ്" എന്നും തെക്കൻ ജില്ലയിലെ 82 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി "ലിഫ്റ്റ് ഇറിഗേ ഷൻ പദ്ധതികളുടെ ആധുനികവത്കരണം" എന്ന ശീർഷകത്തിലുമായി ഭരണാ നുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നൽകിയ അനുമതിയിൽ പ്രധാന ഭാഗം മോട്ടോറുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക, ഇലക്ട്രിക്കൽ വയറിംഗ് മാറ്റി സ്ഥാപിക്കുക, പുതിയ മോട്ടോറുകളും പമ്പുകളും സ്ഥാപിക്കുന്നതിന് അനുസൃതമായി പമ്പു ഹൗസുകൾ പുതുക്കി പണിയുക എന്നിവയാണ്. ഇങ്ങനെ നൽകിയ അനുമതികൾ 5.84 കോടി രൂപ പമ്പ് ഹൗസുകളുടെ പുനരുദ്ധാരണത്തിനായി മാറ്റി വച്ചിരിക്കുന്നത്.

(ഡി) മിർപയിൽ കഴിഞ്ഞ സാമ്പത്തികവർഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, റഗുലേറ്ററുകൾ, ചെക്ക് ഡാമുകൾ എന്നിവ ഉൾപ്പെടെ 418 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം വടക്കൻ ജില്ലകളിലെ ചെക്ക് ഡാമുകൾ റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും പ്രാധാന്യം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) പാലക്കാട് ജില്ലയിൽ മിർപ 1-ൽ 37 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഈ പദ്ധതികൾക്കായി 6.81 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നുണ്ട്.

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ജി) ഈ സാമ്പത്തിക വർഷം മിർപയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറായിവരുന്നു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ തയ്യാറാക്കിയിട്ടില്ല.

കനാൽ ജലസേചനം

104 (6263) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനാൽ ജലസേചനം സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ല എന്ന് കരുതുന്നുണ്ടോ ;

(ബി) സംസ്ഥാനത്തുള്ള കനാൽ ജലസേചനത്തിന്റെ പോരായ്മകൾ എതൊക്കെയാണെന്നാണ് കണ്ടെത്തിയിരിക്കുന്നത് ;

(സി) കനാൽ ജലസേചനം പരാജയമെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ ഇതിനായി നിലവിലുള്ള പദ്ധതികൾ അടിയന്തരമായി അവസാനിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly